<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4359**</u> <u>**28-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**ഏറനാട് മണ്ഡലത്തിൽ വിദ്യാ തരംഗിണി വായ്പ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.പി. കെ. ബഷീർ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാ തരംഗിണി വായ്പ എല്ലാ സഹകരണ സംഘങ്ങൾ വഴിയും നൽകുന്നുണ്ടോയെന്നും വായ്പയ്ക്ക് ജാമ്യ വ്യവസ്ഥകൾ ഉണ്ടായിരുന്നുവോയെന്നും വിശദമാക്കുമോ; | (എ) | വിദ്യാതരംഗിണി വായ്പകൾ സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും ലഭ്യമാക്കിയിരുന്നു. ടി വായ്പ ആൾ ജാമ്യ വ്യവസ്ഥയിലാണ് അനുവദിച്ച നൽകിയത്. അപേക്ഷകൻ സഹകരണ സംഘത്തിലെ എ ക്ലാസ്/സി ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പക്കു വേണ്ടിയുള്ള അപേക്ഷകളും മെമ്പർഷിപ്പിനുള്ള അപേക്ഷകളും സംഘങ്ങൾ ഒന്നിച്ചു പരിഗണിച്ചിരുന്നു. വിദ്യാർത്ഥികൾക്ക് ഏറ്റവും അടുത്തുള്ള സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് സൗകര്യം ചെയ്യുന്നതിന് ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്ക് നിർദ്ദേശം നിൽകിയിരുന്നു. ടി വായ്പ പരമാവധി 24 മാസത്തെ തുല്യഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ടി വായ്പാ കാലാവധിയ്ക്കു ശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കുന്നതാണ്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ മാത്രമേ തിരിച്ചടവ് ആരംഭിക്കേണ്ടതായുള്ളൂ. വായ്പകൾക്കുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കുന്നതു ഉൾപ്പെടെയുള്ള പദ്ധതികൾ ഈ വായ്പയ്ക്ക് ബാധകമല്ല. |
| (ബി) | ഏറനാട് മണ്ഡലത്തിൽ വിദ്യാ തരംഗിണി വായ്പയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര പേർക്ക് വായ്പ അനുവദിക്കാതിരുന്നുവെന്നും കാരണസഹിതം വ്യക്തമാക്കുമോ? | (ബി) | വിദ്യാതരംഗിണി വായ്പക്കായി ഏറനാട് മണ്ഡലത്തിൽ 925 അപേക്ഷകൾ ലഭ്യമായിരുന്നു. ആയതിൽ വായ്പയുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ 223 അപേക്ഷകളിൽ വായ്പ അനുവദിക്കുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ